## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1506 — 03/12/2018-ൽ മറുപടിക്ക്

### മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ സർവ്വീസിൽ സംവരണം

ചോദ്യം
ശ്രീ.വി.അബ്ദുറഹിമാൻ

മറുപടി
ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആദിവാസികൾ കഴിഞ്ഞാൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിലവിൽ സംവരണം ഉണ്ടോ ; | (എ) | സർക്കാർ സർവ്വീസിൽ നിലവിൽ മത്സ്യത്തൊഴിലാളി എന്ന വിഭാഗത്തിനായി പ്രത്യേകം സംവരണം ഇല്ല. എന്നാൽ സാധാരണയായി മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെടുന്ന ധീവര, അരയൻ, മുസ്ലീം, ലാറ്റിൻ കാത്തലിക് മുതലായ സമുദായങ്ങൾക്ക് അതാത് വിഭാഗങ്ങൾക്കുള്ള സംവരണം ഉണ്ട്. |
| (ബി) | ഇല്ലെങ്കിൽ, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് തയ്യാറാക്കുന്ന പട്ടിക അടിസ്ഥാനമാക്കി ജാതിക്കതീതമായി മത്സ്യത്തൊഴിലാളികൾക്ക് സംവരണം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; | (ബി) | തൊഴിൽ അടിസ്ഥാനത്തിൽ സംവരണം പരിഗണനയിലില്ല. |
| (സി) | മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും അവരെ മുഖ്യധാരയിലേക്ക് നയിക്കുന്നതിനുമായി ഫിഷറീസ് വകുപ്പ് പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ ? | (സി) | മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും അവരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>1) മത്സ്യത്തൊഴിലാളികൾക്കായി 10 ലക്ഷം രൂപ വരെ ആനുകൂല്യം ലഭിക്കുന്ന അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി<br>2) തീരപ്രദേശത്തെ സാക്ഷരത ഉയർത്തുന്നതിന് അക്ഷര സാഗരം പദ്ധതി<br>3) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസവും ജോലിയും ഉറപ്പാക്കുന്നതിന് കഴിയുന്ന വിദ്യാഭ്യാസ കോച്ചിംഗ് പരിപാടി<br>4) മത്സ്യത്തൊഴിലാളി വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും അവയുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും കഴിയുമാറ് സാഫ് മുഖേന നടപ്പാക്കുന്ന തീരമൈത്രി പദ്ധതി<br>5) മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധന യാനങ്ങളുടെ ഉടമകളാക്കുന്നതിന് കഴിയുമാറാക്കുന്ന പലിശ രഹിത വായ്പകൾ |

| | | | |
|---|---|---|---|
| | | | 6) മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ<br>7) കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷ ഉറപ്പാക്കാൻ ലൈഫ് ജാക്കറ്റ്, സുരക്ഷാ ഉപകരണങ്ങൾ ഉപഗ്രഹാധിഷ്ഠിത വിനിമയ സംവിധാനം<br>8) മാതാപിതാക്കൾ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ചെലവ് പൂർണ്ണമായും സർക്കാർ വഹിക്കുന്ന തരത്തിൽ ദത്തെടുക്കൽ പദ്ധതി<br>9) തീരപ്രദേശത്തെ സ്കൂളുകളിലെയും മറ്റും കായിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതി |

B. Chari

**സെക്ഷൻ ഓഫീസർ**